**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4924** **14-03-2023 - ൽ മറുപടിയ്ക്ക്**

**അരൂർ നിയോജക മണ്ഡലത്തിലെ ചേർത്തല-അരൂക്കുറ്റി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരൂർ നിയോജക മണ്ഡലത്തിൽ ചേർത്തല-അരൂക്കുറ്റി റോഡിൽ പൂച്ചാക്കൽ മുതൽ വീരമംഗലം വളവ് വരെയുള്ള നിർമ്മാണ പ്രവർത്തനം പകുതി വഴിയിൽ ഉപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | Budget work2018-19 -Improvement to Cherthala - Arookkutty road from Ch.13/000 to in Arror LAC എന്ന പ്രവൃത്തി 21/02//2019 ൽ കരാർ വെച്ചിട്ടുള്ളതാണ്. എന്നാൽ CTE യുടെ ഇൻസ്പെക്ഷൻ അനുബന്ധിച്ചുള്ള നിർദ്ദേശ പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 13/05/2022-ൽ അംഗീകാരം നൽകുകയും, 10/11/2022-ൽ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാന ത്തിൽ പ്രവൃത്തി പുനരാരംഭിക്കുകയും WMM വിരിച്ച ഭാഗങ്ങളിൽ ബി.എം. പ്രവൃത്തി പൂർത്തീ കരിക്കുകയും ചെയ്തു. എന്നാൽ ബി.എം. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം കരാറുകാരൻ മറ്റ് പ്രവൃത്തികൾ ഒന്നും തന്നെ ചെയ്തില്ല. കരാറിൽ നിന്ന് ഒഴിവാക്കണമെന്നും, അല്ലെങ്കിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് 30 ശതമാനം അധികം നിരക്കും, ഇനി ചെയ്യാനുള്ള പ്രവൃത്തികൾക്ക് 35 ശതമാനം അധികം നിരക്കും നൽകണമെന്നും കരാറുകാരൻ അറിയിച്ചു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് വച്ചിട്ടുള്ള പ്രവൃത്തികൾക്ക് യാതൊരു കാരണവശാലും നിരക്ക് വർദ്ധനവ് നൽകാനാവില്ലെന്ന് എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എഗ്രിമെന്റ് നിബന്ധകൾ പ്രകാരവും പൊതുമരാമത്ത് മാനുവൽ പ്രകാരവും നിലവിലെ നിയമങ്ങൾക്കും അനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനം പകുതി വഴിയിൽ ഉപേക്ഷിച്ച കോൺട്രാക്ടറെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി തുടർന്ന് പ്രവൃത്തികൾ നൽകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | Budget work2018-19 -Improvement to Cherthala - Arookkutty road from Ch.13/000 to in Arror LAC എന്ന പ്രവൃത്തി 21/02//2019 ൽ കരാർ വെച്ചിട്ടുള്ളതാണ്. എന്നാൽ CTE യുടെ ഇൻസ്പെക്ഷൻ അനുബന്ധിച്ചുള്ള നിർദ്ദേശ പ്രകാരം |

| | | | |
|---|---|---|---|
| | | | റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 13/05/2022-ൽ അംഗീകാരം നൽകുകയും, 10/11/2022-ൽ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാന ത്തിൽ പ്രവൃത്തി പുനരാരംഭിക്കുകയും WMM വിരിച്ച ഭാഗങ്ങളിൽ ബി.എം. പ്രവൃത്തി പൂർത്തീ കരിക്കുകയും ചെയ്തു. എന്നാൽ ബി.എം. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം കരാറുകാരൻ മറ്റ് പ്രവൃത്തികൾ ഒന്നും തന്നെ ചെയ്തില്ല. കരാറിൽ നിന്ന് ഒഴിവാക്കണമെന്നും, അല്ലെങ്കിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് 30 ശതമാനം അധികം നിരക്കും, ഇനി ചെയ്യാനുള്ള പ്രവൃത്തികൾക്ക് 35 ശതമാനം അധികം നിരക്കും നൽകണമെന്നും കരാറുകാരൻ അറിയിച്ചു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് വച്ചിട്ടുള്ള പ്രവൃത്തികൾക്ക് യാതൊരു കാരണവശാലും നിരക്ക് വർദ്ധനവ് നൽകാനാവില്ലെന്ന് എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എഗ്രിമെന്റ് നിബന്ധകൾ പ്രകാരവും പൊതുമരാമത്ത് മാനുവൽ പ്രകാരവും നിലവിലെ നിയമങ്ങൾക്കും അനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ